# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 439

10.03.2015 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.കെ. ലതിക | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിക വായ്പാസംഘങ്ങൾ എത്ര ശതമാനം പലിശയ്ക്കാണ് കാർഷിക വായ്പകൾ അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ കാർഷിക വായ്പാസംഘങ്ങൾ ഹ്രസ്വകാല കാർഷിക വായ്പകൾ പരമാവധി 7% പലിശയ്ക്കാണ് അനുവദിക്കുന്നത്. |
| (ബി) കൃത്യമായി കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്ന കൃഷിക്കാർക്ക് പലിശയിളവ് നൽകിവരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;<br>(സി) ഉണ്ടെങ്കിൽ എത്ര ശതമാനം പലിശയിളവാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക, കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന പരമാവധി 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡി ആയി അനുവദിക്കുന്നത്.<br>നെൽ കൃഷിക്ക് വായ്പ എടുത്ത കർഷകർക്ക് യഥാസമയം തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 7% പലിശ ഇളവായി അനുവദിക്കുന്നുണ്ട്. |

(ഡി) പ്രസ്തുത ഇളവ് അനുവദിച്ച വകയിൽ (ഡി) നടപ്പ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഇളവ് അനുവദിച്ച വകയിൽ നടപ്പ സാമ്പത്തിക വർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ വകയിരുത്തിയിരുന്ന തുകയിൽ ബാക്കി നിൽപ്പുള്ള 37,20,954/- രൂപ ഉൾപ്പെടെ 1,22,77,952/- രൂപ ജില്ലകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇതിന് പുറമെ 2013-14 വർഷത്തിൽ 37,56,071/- രൂപ നെൽകർഷകർക്ക് പലിശ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ